# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1961 — 14.07.2011-ൽ മറുപടിക്ക്

### സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായുള്ള സർവ്വീസ് നടത്തുന്ന സ്കൂൾ/കോളേജ് വാഹനങ്ങളിലെ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ<br>,, മുല്ലക്കര രത്നാകരൻ<br>,, കെ.രാജു<br>,, ചിറ്റയം ഗോപകുമാർ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകൾ, സർക്കാർ സ്കൂളുകൾ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെല്ലാം കൂടി എത്ര വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളായി 14090 വാഹനങ്ങൾ ഉണ്ട്. |
| ബി) ഇത്തരത്തിലുള്ള ഏതെങ്കിലും വാഹനങ്ങളിൽ വിദ്യാർത്ഥികളെ അധികമായി കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) പ്രസ്തുത വാഹനങ്ങളിൽ വിദ്യാർത്ഥികൾക്കു വേണ്ടി എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) നിശ്ചയിച്ചിട്ടുണ്ട്. 09.06.2010-ൽ നടന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ യോഗ തീരുമാന പ്രകാരം ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| ഡി) ഇത്തരത്തിലുള്ള സർവ്വീസ് നടത്തുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ എന്തെല്ലാമാണ്; നിയമം ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വെളിപ്പെടുത്തുമോ? | ഡി) കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 221 പ്രകാരവും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 15.9.2003-ലെ സർക്കുലർ നം. 29/2003 പ്രകാരവും എസ്.റ്റി.എ യുടെ നിർദ്ദേശങ്ങളിലും ഇത് സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുകയും, പെർമിറ്റ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ